**പതിമൂന്നാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 3426**

**24.06.2013-ൽ മറുപടിക്ക്.**

**ജനമൈത്രി പോലീസ് പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ജനമൈത്രി പോലീസ് നിലവിൽ ചെയ്യുന്ന സേവനങ്ങൾ എന്തെല്ലാമാണ് ; ഈ പദ്ധതി ആരംഭിക്കുന്ന കാലയളവിൽ ചെയ്തിരുന്നതിനേക്കാൾ കൂടുതലായ എന്തെല്ലാം സേവനങ്ങളാണ് പ്രസ്തുത പദ്ധതിയിലൂടെ നടപ്പിലാക്കിയത് ; | (എ) അതാത് പ്രദേശത്തെ ആവശ്യമനുസരിച്ച് ഓരോ പ്രദേശത്തിനും അനുയോജ്യമായ പദ്ധതികൾ ഏതാണെന്ന് അതാത് പ്രദേശത്തെ ജനമൈത്രി സമിതികൾ തീരുമാനിച്ച് ഓരോ ജനമൈത്രി പോലീസ് സ്റ്റേഷനിലും നടപ്പിലാക്കി വരുന്നു. പ്രധാനമായും ചുവടെ ചേർക്കുന്ന സേവനങ്ങൾ നിലവിൽ ജനമൈത്രി പദ്ധതി പ്രകാരം നൽകി വരുന്നു:<br><br>1) ജനമൈത്രി രാത്രികാല പട്രോളിംഗ്<br>2) സ്വകാര്യ സെക്യൂരിറ്റി ഗാർഡുകളുടെ പ്രവർത്തനങ്ങളുടെ ഏകോപനം<br>3) സെക്യൂരിറ്റി സംവിധാനങ്ങൾ<br>4) അപരിചിതരെ ചെക്ക് ചെയ്യുന്ന പദ്ധതി<br>5) മുതിർന്ന പൗരന്മാർക്കുള്ള സംരക്ഷണ പദ്ധതി<br>6) വനിതകളുടെയും കുട്ടികളുടെയും ക്ഷേമത്തിനുള്ള പദ്ധതി<br>7) ക്രൈം സ്റ്റോപ്പർ സംവിധാനം<br>8) ട്രാഫിക് വാർഡൻ സംവിധാനം<br>9) രക്തദാന പരിപാടി<br>10) സ്കൂൾ/കോളേജ് ജാഗ്രതാ സമിതി<br>11) വനിതാ ജാഗ്രതാ സമിതികൾ<br>12) ടാക്സി, ഓട്ടോ ഡ്രൈവർമാർ, മറ്റു തൊഴിലാളികൾ എന്നിവർക്കു വേണ്ടിയുള്ള സുരക്ഷാ പരിപാടി<br>13) മയക്കുമരുന്ന്/മദ്യവിരുദ്ധ പരിപാടി<br>14) പരാതിപ്പെട്ടി<br>15) ദുരന്ത നിവാരണ സന്നദ്ധ സമിതി<br>16) വിക്ടിം സപ്പോർട്ട് സെൽ<br>17) പരിസ്ഥിതി സൗഹൃദ സമിതി |

(മറുപുറം)

(ബി) ജനമൈത്രി പോലീസ് പദ്ധതിയുടെ കീഴിൽ കുടുംബവഴക്കുകൾ തീർപ്പാക്കുന്നതിന് പ്രത്യേക സംവിധാനം ക്രമീകരിച്ചിട്ടുണ്ടോ ; ഇതിന്റെ ഭാഗമായി കൗൺസിലിംഗ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ ; വിശദവിവരം നൽകുമോ ?

: (ബി) ജനമൈത്രി പോലീസ് പദ്ധതിയുടെ കീഴിൽ കുടുംബവഴക്കുകൾ തീർപ്പാക്കുന്നതിന് പ്രത്യേക സംവിധാനങ്ങളോ കൗൺസിലിംഗ് സെന്ററുകളോ സംസ്ഥാനത്ത് രൂപീകരിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ